# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 561 - 19.03.2013-ലെ മറുപടിക്ക്

## സംസ്ഥാന പദ്ധതി ചെലവ്

| ചോദ്യം<br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ | ഉത്തരം<br>ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|
| (എ) 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിലെ സംസ്ഥാനപദ്ധതി അടങ്കൽ എത്ര കോടി രൂപ വീതമായിരുന്നു; ഇതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ളത് എത്ര കോടി ആയിരുന്നു; | 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിലെ സംസ്ഥാനപദ്ധതി അടങ്കൽ യഥാക്രമം 12010 കോടി രൂപയും 14010 കോടി രൂപയും ആയിരുന്നു. ഇതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതം യഥാക്രമം 2574.05 കോടി രൂപയും 3228 കോടി രൂപയുമാണ്. |
| (ബി) 2011-12, 2012-13 വർഷങ്ങളിലെ പദ്ധതി ചെലവ് താൽക്കാലിക കണക്കനുസരിച്ച് എത്ര കോടി വീതമായിരുന്നു; തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ യഥാർത്ഥ പദ്ധതി ചെലവ് എത്രയായിരുന്നു; | അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 2011-12 വർഷത്തെ യഥാർത്ഥ സംസ്ഥാന പദ്ധതി ചെലവ് 11758.89 കോടി രൂപയാണ്. ഇതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചെലവ് 2885.98 കോടി രൂപയായിരുന്നു. വകുപ്പ്തല താല്കാലിക കണക്കു പ്രകാരം നടപ്പു വർഷത്തെ സംസ്ഥാനപദ്ധതി ചെലവ് 28.02.2013 വരെ 7703.89 കോടി രൂപയാണ്. ഇതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചെലവ് 1256.93 കോടി രൂപയാണ്. |
| (സി) മേല്പറഞ്ഞ ഓരോ വർഷാവസാനവും ട്രഷറി അക്കൗണ്ടുകളിൽ നിക്ഷേപിച്ച പദ്ധതി തുക എത്ര കോടി വീതമായിരുന്നു; ട്രഷറി അക്കൗണ്ടുകളിൽ നിക്ഷേപിക്കപ്പെട്ട തുക പരിഗണിക്കാതെ ഓരോ വർഷവും യഥാർത്ഥ പദ്ധതി ചെലവ് എത്ര കോടി വീതമായിരുന്നു; വ്യക്തമാക്കുമോ? | പൊതുമേഖലാ സ്ഥാപനങ്ങൾക്കും സ്വയംഭരണ സ്ഥാപനങ്ങൾക്കും മാത്രമേ ട്രഷറി അക്കൗണ്ടുകളിൽ തുക നിക്ഷേപിച്ച് ചെലവഴിക്കാൻ അനുമതിയുള്ളു. സർക്കാർ വകുപ്പുകൾക്ക് ഇതിനുള്ള അനുമതിയില്ല. ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് മാറ്റുന്ന പദ്ധതി വിഹിതത്തിന്റെ പ്രത്യേകമായ കണക്ക് ഇപ്പോൾ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ